"ഭരണഭാഷ – മാതൃഭാഷ"
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

**DT/1997/2026-C1-Part(3)** **തീയതി: 02-09-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം 2026 - അഡ്മിഷൻ ക്ലോസിംഗ് നടപടികൾ പൂർത്തീകരിക്കേണ്ട തീയതി DGT ദീർഘിപ്പിച്ചിരിക്കുന്ന വിവരവും, National Instructor Management System (NIMS) പോർട്ടലിൽ ഇൻസ്ട്രക്ടർ മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചിരിക്കുന്ന വിവരവും അറിയിക്കുന്നത്- സംബന്ധിച്ച്.

സൂചന:-
1. 01.09.2026 തീയതിയിലെ File No. DGT-MIS011/1/2025-O/o DIR (TC) [77713] നമ്പരായ DGT നിർദേശം.
2. 29.08.2026 തീയതിയിലെ ഇതേ നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
3. 17.08.2026 തീയതിയിലെ DT/322/2026-C2 Part (1) നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.

**********

സൂചനകൾ കാണുക. 2026-27 പരിശീലന വർഷം, രാജ്യത്തെ ഐടിഐകളിൽ പ്രവേശനം നേടുന്നതിനുള്ള അന്തിമ തീയതി 31.08.2026 ആയി നിശ്ചയിച്ചിരുന്ന വിവരം സൂചന (2) ചുറ്ററിയിപ്പിലൂടെ അറിയിച്ചിരുന്നു. പ്രസ്തുത തീയതി 07.09.2026 വരെ ദീർഘിപ്പിച്ചിട്ടുള്ള വിവരം സൂചന (1) കത്തിലൂടെ DGT അറിയിച്ചിരിക്കുന്നു. പ്രസ്തുത DGT നിർദേശം കണക്കിലെടുത്തു കൊണ്ട്, എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD ഐടിഐ മേധാവിമാരും 07.09.2026 തീയതി വരെ അഡ്മിഷൻ നടപടികൾ തുടരേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു. DGT നൽകിയിരിക്കുന്ന അറിയിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ സാഹചര്യത്തിൽ, അഡ്മിഷൻ ക്ലോസിംഗ് നടത്തുന്നതിനുള്ള പുനഃ ക്രമീകരിച്ച ഷെഡ്യൂൾ, വരും ദിനങ്ങളിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നതാണ്.

രാജ്യത്തെ എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** ഐ ടി ഐ കളിലും ഇൻസ്ട്രക്ടർമാരുടെ ട്രേഡ്/യൂണിറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ **National Instructor Management System (NIMS)** പോർട്ടലിൽ ചേർത്ത് മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള അന്തിമ തീയതി **19.08.2026** ആയി നിശ്ചയിച്ചിരുന്ന വിവരം സൂചന **(3)** ചുറ്ററിയിപ്പിലൂടെ അറിയിച്ചിരുന്നു. പ്രസ്തുത തീയതി **03.09.2026** വരെ ദീർഘിപ്പിച്ചിട്ടുള്ള വിവരവും സൂചന **(1)** കത്തിലൂടെ **DGT** അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏറ്റവും പുതുതായി **NCVET** അഫിലിയേഷൻ ലഭിച്ചിട്ടുള്ള ചില സർക്കാർ ഐ ടി ഐ കൾ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ സർക്കാർ./സ്വകാര്യ/**SCDD/STDD** ഐ ടി ഐ സ്ഥാപന മേധാവിമാരും ഈ അവസരം പ്രയോജനപ്പെടുത്തി, അന്തിമ സമയപരിധി ആയി നിശ്ചയിച്ചിട്ടുള്ള **03.09.2026** തീയതിക്കുള്ളിൽ തന്നെ **National Instructor Management System (NIMS)** പോർട്ടലിൽ ഇൻസ്ട്രക്ടർമാരുടെ മാപ്പിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

**അഡീഷണൽ ഡയറക്ടർ**

ഉള്ളടക്കം: മേൽ പ്രസ്താവിച്ചത്

സ്വീകർത്താവ്: എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** ഐ ടി ഐ/ബി റ്റി സി സ്ഥാപന മേധാവിമാരും

പകർപ്പ്:

Digitally signed by
D MENEKSH PRASAD
Date: 02-09-2026
16:52:48

1. ഡയറക്ടർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
2. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
3. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
4. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
5. സ്റ്റോക്ക് ഫയൽ (സി1)